# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
## ജില്ലാ ഓഡിറ്റ് കാര്യാലയം
## ആലപ്പുഴ-688001

**ഇ-മെയിൽ: ddhglfalpy@gmail.com**

**ഫോൺ : 0477-2252753**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-10/59/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 19/03/2022
ഇ-മെയിൽ:
ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-10/59/2022 തീയ്യതി: 19/03/2022

# ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 27-12-2021 | 06-01-2022 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-12-2021 | 06-01-2022 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.എസ്.എൽസമ്മ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.ജയകൃഷ്ണ.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജാക്വലിൻ.പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.പ്രീത, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ജോസഫ് സേവ്യർ മണ്ണങ്കരത്തറ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| സുജാത.കെ | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജയന്ത് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| റോസിലിൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| വിത്തവാൻ | എച്ച്.എം | 01-04-2019 | 31-03-2020 |
| ജോർജ് എം.വർഗീസ് | അസി.എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ആന്റണി റോഷൻ | വി.ഇ.ഒ | 01-04-2019 | 31-03-2020 |
| രാജി.ആർ.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| മേഘ്ന ബാബു | കൃഷി ഓഫീസർ | 01-04-2019 | 01-01-2020 |
| നിഖിൽ.ആർ.പിള്ള | കൃഷി ഓഫീസർ | 01-01-2020 | 31-03-2020 |
| അബ്ദുൾ ഖാദർ | അസി.സെക്രട്ടറി | 01-04-2019 | 31-07-2019 |
| ശ്യാംകുമാർ | അസി.സെക്രട്ടറി | 01-08-2019 | 31-03-2020 |
| ഡോ.സ്മിത | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 11 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |
| 12 | നെൽ വിത്ത് വാങ്ങിയ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു | 1-12 |
| 13 | തൊഴുത്ത് നവീകരണം പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക അനുവദിച്ചു | 1-13 |
| 14 | ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല | 1-14 |
| 15 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-15 |
| 16 | അധികം തുക നൽകി | 1-16 |
| 17 | തൊഴിലുറപ്പ് പദ്ധതി-ജി.എസ്.റ്റി ഈടാക്കിയില്ല | 1-17 |
| 18 | ന്യൂട്രിമിക്സിന് ജി എസ് ടി ഈടാക്കി -വിശദീകരണം നൽകേണ്ടതാണ് | 1-18 |
| 19 | സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം തുക നൽകി | 1-19 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | അധികം തുക നൽകി | 3-1 |
| 2 | സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം തുക നൽകി | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

12/02/2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 119626500 | 128977440 |
| വാർഷികകണക്ക് പ്രകാരം | 76606437.98 | 54951147 |

18/02/2020 തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു

| വരവ് | ചെലവ് |
|---|---|
| 137244374 | 149431991 |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 29.05.2020 |

വാർഷിക ധനകാര്യപത്രിക യഥാസമയം ഓഡിറ്റിന് ലഭ്യമാക്കിയിട്ടുണ്ട്. വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ സാക്ഷ്യപ്പെടുത്തുന്നില്ല. 2019-20ലെ വാർഷിക കണക്കും ഡെപ്പോസിറ്റ് രജിസ്റ്ററുമായി ചുവടെ ചേർക്കുന്ന ഇനങ്ങളുടെ നീക്കിയിരിപ്പിൽ വ്യത്യാസം കാണുന്നുഃ

| ഇനം | എ.എഫ്.എസ്, B-7 പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Contractors Earnest Money Deposit | 36925 | 34425 |
| Suppliers Earnest Money Deposit | 182858 | 185358 |
| Bidders Earnest Money Deposit | 20880 | രേഖപ്പെടുത്തലില്ല |
| Other Deposits | 3000 | രേഖപ്പെടുത്തലില്ല |

2.Loans Advances And Deposits എന്ന ഹെഡിൽ B18-നീക്കിയിരിപ്പ് അഡ്വാൻസ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ലഃ

| ഇനം | എ.എഫ്.എസ്, B18 പ്രകാരം | രജിസ്റ്റർ പ്രകാരം |
|---|---|---|
| Festival Advance | 18000 | വ്യക്തമായി രേഖപ്പെടുത്തലില്ല |

3.Income And Expenditure Statement, I-9പ്രകാരം, ഓഡിറ്റ് റിക്കവറിയിനത്തിൽ 6174/-രൂപ വരവ് ഉള്ളതായി കാണുന്നു. ഓഡിറ്റ് റിക്കവറി 2520/-രൂപ, വാർഷിക കണക്കിൽ (I-9,RP10) ഉൾപ്പെട്ടിട്ടില്ല. Prior Period Income-Other Incomes എന്ന ഹെഡിലാണ് ടി തുക തെറ്റായി പോസ്റ്റ് ചെയ്യപ്പെട്ടിട്ടുള്ളത്.

4.Balance Sheet, B-5പ്രകാരം, സെക്യൂർഡ് ലോൺസ് ഇനത്തിലെ ബാധ്യത 17067353/-രൂപയാണ്. എന്നാൽ ലോൺ രജിസ്റ്ററിൽ ലോൺ ബാധ്യതാ വിവരങ്ങൾ വാർഷികമായി കണക്കാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആകെ ലോൺ, അടച്ചത്, അടയ്ക്കാൻ ശേഷിക്കുന്നത് ഇവ വ്യക്തതയില്ല.

5.ചുവടെ ചേർക്കുന്ന അക്കൌണ്ടുകളുടെ പാസ്സ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് റിക്കൺസിലിയേഷൻ എന്നിവ ലഭ്യമാക്കിയിട്ടില്ലഃ

| അക്കൌണ്ട് | എ.എഫ്.എസ് പ്രകാരം നീക്കിയിരിപ്പ് | ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| Nationalised Bank-Canara Own Fund | 2848543 | 2995609.3 |
| Sbi Own Fund E Payment | 145588 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Dist.Co Op RO Plant | 42050.96 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Tsb A/C | 14749646 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Sb | 229.72 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Nationalised Bank Plan Fund | 1339403 | 1119403 |
| Nationalised Bank Nrega | 111.50 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |
| Treasury Special Tsb Joint Venture | 1023691 | പാസ്ബുക്ക് ലഭ്യമാക്കിയിട്ടില്ല |

6.MNREGs ൽ നിന്ന് ലഭ്യമാക്കിയ കണക്കുകൾ പ്രകാരം തൻവർഷ ചെലവ് 348.52ലക്ഷം രൂപയാണ്. ഇത് I-6ലെ കണക്കുമായി( 34660999.50 രൂപ)പൊരുത്തപ്പെടുന്നില്ല.

7.RP-5-ൽ വരുന്ന തുകയും I-5(B)യിൽ വരുന്ന തുകയും പൊരുത്തപ്പെടേണ്ടതുണ്ട്. Sale Of Usufructs Of Trees എന്ന ഇനത്തിലെ 275/-രൂപ റസീപ്റ്റ്& പേമെന്റ് അക്കൌണ്ടിൽ വന്നിട്ടില്ല.

8.വിവിധ തനത് വരവ്(ടാക്സ്, നോൺടാക്സ്)ഇനങ്ങളുടെ രജിസ്റ്ററുകൾ,കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ ഇവ ഹാജരാക്കിയിട്ടില്ല. രജിസ്റ്ററുകൾ ഡി.സി.ബി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി ഹാജരാക്കേണ്ടതുണ്ട്.

9.ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുമായി ചേർന്നുള്ള സംയുക്തപ്രോജക്ടുകളുടെ നീക്കിയിരിപ്പിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

10.ആസ്തിരജിസ്റ്റർ ആസ്തിവിവരങ്ങൾ കാലികമാക്കിക്കൊണ്ട് സൂക്ഷിക്കപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 19874379.98 |
| വരവ് | 56732058 |
| ആകെ | 76606437.98 |
| ചെലവ് | 54951147 |
| നീക്കിയിരിപ്പ് | 21655290.98 |

## 1-4 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | സ്രോതസ്സിൽ കുറവ് ചെയ്തത് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വി.ഫണ്ട് (ജനറൽ) | 0 | 23876913 | 1944241 | 25821154 | 14545411 | 11275743 |
| വി.ഫണ്ട് (എസ്.സി.പി) | 0 | 2558294 | 14706 | 2573000 | 1110115 | 1462885 |
| വി.ഫണ്ട് (ടി.എസ്.പി) | 0 | 106000 | 0 | 106000 | 106000 | |
| മെയിന്റനൻസ് ഫണ്ട് –റോഡ് | 0 | 2305000 | 0 | 2305000 | 400188 | 1904812 |
| മെയിന്റനൻസ് ഫണ്ട് -നോൺ റോഡ് | 0 | 4577000 | 1865671 | 6442671 | 3067475 | 3375196 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് Untied | 0 | 12092981 | 0 | 12092981 | 5593393 | 6499588 |
| ഗ്രാമ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് ജനറൽ/എസ്.സി.പി ഇനങ്ങളിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നത് വിവിധ ഇനങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത് കഴിച്ചുള്ള തുകയാണ്. എന്നാൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നത് സോഴ്സ് ഡിഡക്ഷൻ കൂടി ഉൾപ്പെട്ട തുകയാണ്. തന്മൂലം വരവ്, നീക്കിയിരിപ്പ് എന്നിവ ഗ്രാന്റ് സ്റ്റേറ്റ്മെന്റും വാർഷിക കണക്കുമായി വ്യത്യാസമുണ്ട്. | | | | | | |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 171 | 47452000 | 88 | 9154556 | 10 | 73 | 51 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 12041.50 | 14257194.98 | 14269236.48 | 14269124.48 | 112 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21387923 | 21387923 | 21387923 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 63840 | 65 |
| കർഷകതൊഴിലാളി പെൻഷൻ | 9135200 | 1477 |
| വിധവാപെൻഷൻ | 3838900 | 594 |
| വാർദ്ധക്യകാലപെൻഷൻ | 6398200 | 1041 |
| വികലാംഗപെൻഷൻ | 2053400 | 351 |
| അവിവാഹിത പെൻഷൻ | 90000 | 36 |

## 1-8 ക്യാഷ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.12.2021 ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11391/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഏറെക്കുറെ തൃപ്തികരമാണെങ്കിലും പല പോരായ്മകളും കാണുന്നു.

1. പഞ്ചായത്തിലെ ജീവനക്കാരുടെ വിവരങ്ങൾ ചേർക്കുന്നതിനായുള്ള ഇങ്കുംപൻസി രജിസ്റ്റർ വച്ചിട്ടുണ്ടെങ്കിലും രേഖപ്പെടുത്തലുകളൊന്നും വരുത്തിയിട്ടില്ല. മുഴുവൻ ജീവനക്കാരുടേയും നിർവ്വഹണ ഉദ്യോഗസ്ഥരുടേയും വിവരങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.

2. ജീവനക്കാരുടെ സേവന പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഈ ജീവനക്കാർ ഏതു തീയതിയിലാണ് പഞ്ചായത്തിൽ വന്നതെന്നോ സെക്രട്ടറി ഇത് സാക്ഷ്യപ്പെടുത്തിയിരിക്കുന്നതെന്നാണെന്നോ ചേർത്തിട്ടില്ല.

3..ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല മുഴുവൻ ആസ്തികളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പാക്കിയിട്ടില്ല
4.ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ തൃപ്തികരമായി സൂക്ഷിച്ചിട്ടില്ല

തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2019-20 വർഷത്തെ തൊഴിൽ നികുതി സംബന്ധമായ രജിസ്റ്റുകൾ, സ്റ്റേറ്റ്മെന്റുകൾ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല

A)മാവേലിസ്റ്റോർ, പുളിങ്കുന്ന്

ക്ഷീരോല്പ്പാദക സഹകരണ സംഘങ്ങൾ

പഞ്ചായത്തു പരിധിയിലെ റേഷൻ കടകൾ

തൻവർഷം പഞ്ചായത്ത് പരിധിയിലെ മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാർ .

B) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല.

1.മാവേലി സ്റ്റോർ, പുളിങ്കുന്ന്.

2.ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

ഈ സ്ഥാപനത്തിന്റെയും സ്ഥാപനത്തിലെ ജീവനക്കാരുടേയും തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കേണ്ടതുമാണ്.

## 1-11 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1994 ലെ പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) നിയമം, വകുപ്പ് 232 പ്രകാരം പഞ്ചായത്തിന്റെ ലൈസൻസ് കൂടാതെ ഒരു ആവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കുവാൻ പാടില്ല.

പഞ്ചായത്തിലെ ലൈസൻസ് സംബന്ധിച്ച ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2019-20 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

1)മാവേലി സ്റ്റോർ ,പുളിങ്കുന്ന്.

2)ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

3)റേഷൻ കടകൾ

തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി ഈ വിഷയത്തിലേക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 1-12 നെൽ വിത്ത് വാങ്ങിയ സ്ഥാപനത്തിന്റെ ക്യാഷ് ബിൽ ഹാജരാക്കിയില്ല. തുക തടസ്സപ്പെടുത്തുന്നു

നെല്ല് കർഷകർക്ക് വിത്ത് സബ്ബിഡി എന്ന പ്രൊജക്ടിനായി 1999147/- രൂപ 2019-20 വർഷം ചെലവഴിച്ചിട്ടുണ്ട്. കേരളാ സ്റ്റേറ്റ് സീഡ് ഡെവലപ്പ്മെന്റ് അതോറിറ്റിക്കാണ് ടി തുക കൈമാറിയിട്ടുള്ളത്. കെഎസ്എസ്ഡിയുടെതായി ഹാജരാക്കിയ എല്ലാ ക്യാഷ് ബില്ലിലും അനുവദിച്ച തുകയിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം | അളവ് | Kg/ 42/- പ്രകാരം ആകെ തുക | സബ്ബിഡിയായി അനുവദിച്ച തുക | തിരുത്തൽ വരുത്തി എഴുതിയ തുക |
|---|---|---|---|---|
| 1250/18.10.19 | 9120 Kg | 383040/- | 303514/- | 79526/- |
| 1251/18.10.19 | 20880 Kg | 876960/- | 694886/- | 182074/- |
| 1121/8.11.19 | 10020 Kg | 420840/- | 333466/- | 87374/- |
| 1136/15.11.19 | 10020 Kg | 420840/- | 333466/- | 87374/- |
| 1145 /17.11.19 | 10020kg | 420840/- | 333466/- | 87374/- |
| 1150/17.11.19 | 10020 Kg | 420840/- | 333466/- | 87374/- |
| 1181 /21.11.19 | 23010kg | 966420/- | 765773/- | 200647/- |
| 1182/21.11.19 | 20010 Kg | 840420/- | 665933/- | 174487/- |
| 1183/21.11.19 | 10770 Kg | 452340/- | 358426/- | 93914/- |
| 1184/21.11.19 | 6990 Kg | 293580/- | 232627/- | 60953/- |
| 1185/22.11.19 | 19020 Kg | 798840/- | 632986 /- | 165854/- |
| 1188/22.11.19 | 2190 Kg | 91980/- | 72883/- | 19097/- |
| 1186/24.11.19 | 21000 Kg | 882000/- | 698880/- | 183120/- |
| 1187/24.11.19 | 19020 Kg | 798840/- | 632986 /- | 165854 /- |
| 1323/29.11.19 | 17250 Kg | 724500/- | 574080/- | 150420 /- |
| 1324/3.12.19 | 19920kg | 836640/- | 662938/- | 173702/- |
| Total | 229260kg | 9628920/- | 7629776/- | 1999144/- |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/6.1.22) മറുപടി ലഭ്യമാക്കിയില്ല. വെട്ടി തിരുത്തി എഴുതിയ തുക ആഡ് ചെയ്യുമ്പോൾ മാത്രമാണ് പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക ലഭ്യമാകുകയുള്ളു. അതിനാൽ ഓഡിറ്റിനായി ഹാജരാക്കിയ ബിൽ കെഎസ്എസ്ഡിയുടെതാണെങ്കിൽ പോലും പഞ്ചായത്തിൽ നിന്നും അനുവദിച്ച തുകയുടെ ബിൽ അല്ലാ എന്ന് ബോധ്യപ്പെടുകയുണ്ടായി. ആകയാൽ ഹാജരാക്കിയ ക്യാഷ്ബില്ലിന്റെ സുതാര്യത ഉറപ്പാക്കാനായില്ല. കെഎസ്എസ്ഡിയുടെ യഥാർദ്ധ ബിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. തുക 1999144/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-13 തൊഴുത്ത് നവീകരണം പദ്ധതി -സർക്കാർ മാർഗ്ഗനിർദ്ദേശത്തിന് വിരുദ്ധമായി തുക അനുവദിച്ചു

പ്രോജക്ട് നമ്പർ - 34/20
അടങ്കൽ - 400000/-(വികസനഫണ്ട് എസ് സി പി)

- 400000/- (ഗുണഭോക്തൃ വിഹിതം)

ബിൽ നം.13/19-20/12.03.20

സർക്കാർ ഉത്തരവ് നം. 22/18/തസ്വഭവ/14.02.18-ലെ ഖണ്ഡിക നം. 2.12.2 പ്രകാരം മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം രൂപ വരെയുള്ളവർക്ക് ആനുകൂല്യം അനുവദിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസർ നടപ്പാക്കിയ തൊഴുത്ത് നവീകരണം പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ആനി റ്റി പുത്തൻപുരയിൽ എന്ന വ്യക്തിയുടെ റേഷൻ കാർഡിലെ വാർഷിക വരുമാന പ്രകാരം വരുമാനം 5

ലക്ഷം രൂപയ്ക്ക് മേലെയാണ്. എന്നാൽ ടിയാൾക്ക് തൊഴുത്ത് നവീകരണം പദ്ധതിക്കായി 25000/- രൂപ അനുവദിച്ചിട്ടുണ്ട്. ഈ അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ആനുകൂല്യം അനുവദിക്കുകയാണ് ഉണ്ടായത്. ആകയാൽ ഗുണഭോക്താവിന് അനുവദിച്ച തുക 25000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം.5/3.1.22)

## 1-14 ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല

പ്രോജക്ട് നം. 30/19-20

അടങ്കൽ (വികസനഫണ്ട് എസ്.സി.പി.)-1,74,500

ചെലവ്- 1,70,000(20,000/- ബിൽ നം.2/19-20/19.11.19
50,000/- " 7/19-20/20.3.20
40,000/- " 8/19-20/20.3.20
40,000/- " 9/19-20/20.3.20
20,000/- " 10/19-20/27.3.20)

അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന എസ്.സി. വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് നൽകിയതിൽ താഴെപ്പറയുന്ന വിദ്യാർഥികൾ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | പേര് | വാർഡ് | തുക |
|---|---|---|---|
| 1 | അനശ്വര ഷാജി വാർഡ് | 15 | 20,000 |
| 2 | സംഗീത.എസ്.സജി | 10 | 50,000 |
| 3 | സച്ചിൻ.എ.സോമൻ | 13 | 20,000 |
| 4 | കിരൺ | 7 | 20,000 |
| 5 | ആരോമൽ.എസ്.കുമാർ | 15 | 20,000 |
| 6 | കെ.എം.ജോബിനമോൾ | 1 | 20,000 |
| 7 | ജിയമോൾ | 5 | 20,000 |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.2/19-20/31.12.2021) കോവിഡ് കാരണം ഗ്രാമസഭ കൂടിയില്ലെന്നും അടുത്ത ഗ്രാമസഭയിൽ അംഗീകാരം വാങ്ങി ലഭ്യമാക്കാമെന്നും അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-15 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

നിർവ്വഹണം - സെക്രട്ടറി

അടങ്കൽ - 7,00,000/-

ചെലവ്-7,00,000/- ബിൽ നമ്പർ 12/19-20/17.9.19

ഗ്രാമ പഞ്ചായത്തിൽ നിന്നും 19-20 വർഷത്തേയ്ക്കുള്ള എസ്.എസ്.എ വിഹിതമായി പ്രോജക്ട് നം.5/19-20 പ്രകാരം 7,00,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി ട്രഷറിയിൽ നിന്നും പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർ, ആലപ്പുഴയ്ക്ക് നൽകിയിട്ടുണ്ട്. തുകയുടെ പൂർണ്ണമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ്എൻക്വയറിക്ക്(നം.3/19-20/3.1.22) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുക തടസ്സപ്പെടുത്തുന്നു.

## 1-16 അധികം തുക നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച 28/19-20 എന്ന പ്രോജക്ടിന്റെ അടങ്കൽ വികസനഫണ്ട് 1,59,000/- രൂപയാണ്. കെൽട്രോണിൽ നിന്നും ലഭ്യമായ പ്രോഫോർമ ഇൻവോയ്സിൽ ഒരു ലാപ്ടോപ്പിന് 22,703/- രൂപ പ്രകാരം 7 ലാപ്ടോപ്പുകൾ 1,58,921/-രൂപയ്ക്ക് (ബിൽ നം.2/19-20/19.11.19) വാങ്ങുന്നതിനു കെൽട്രോണിനു തുക ട്രാൻസ്ഫർ ചെയ്തിരുന്നു. പ്രോജക്ടിന്റ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1.കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല

2. ലാപ്ടോപ്പ് വിതരണം ചെയ്ത ലെനോവ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ലഭ്യമായ ടാക്സ് ഇൻവോയ്സ് പ്രകാരം 7 ലാപ്ടോപ്പുകൾക്ക് 1,52,810/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതനുസരിച്ച് [6,111/- (1,58,921-1,52,810)] അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/19-20/4.1.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ലഭ്യമാക്കി അറിയിക്കുന്നതുവരെ 6,111/- രൂപ നിരാകരിക്കുന്നു.

## 1-17 തൊഴിലുറപ്പ് പദ്ധതി-ജി.എസ്.റ്റി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ തുക 2.5 ലക്ഷത്തിനു് മേൽ കൂടുതലാണെങ്കിൽ 2% ജി.എസ്.ടി., റ്റി.ഡി.എസ് (നികുതി ഉത്ഭവത്തിൽ നിന്നും കുറവ്) ചെയ്യണമെന്നിരിക്കെ 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ കൊടുത്തിട്ടുള്ള പ്രവൃത്തികളിൽ ഇപ്രകാരം 2% ജി.എസ്.റ്റി. , റ്റി.ഡി.എസ് ആയി ഈടാക്കിയതായി കാണുന്നില്ല. 30.07.2019-ലെ 957/ഇ.ജി.എസ്.-സി/16/ആർ.ഇ.ജി.എസ് നമ്പർ സർക്കുലർ പ്രകാരം ജി.എസ്.റ്റി. കുറവ് ചെയ്യുന്നതിനുള്ള സൌകര്യം എം.ഐ.എസിൽ ലഭിക്കുന്നത് വരെ ജി.എസ്.റ്റി. തുക സപ്ലൈയർ ഗ്രാമപഞ്ചായത്തിൽ നേരിട്ട് അടച്ചെന്നുറപ്പാക്കി ബിൽ സെറ്റിൽ ചെയ്യണമെന്നും അപ്രകാരം അടവാക്കുന്ന ജി.എസ്.റ്റി തുക ഗ്രാമപഞ്ചായത്ത് സെക്രട്ടറി ജി.എസ്.റ്റി. വകുപ്പിൽ യഥാസമയം അടവാക്കണമെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്. ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

| നം. | കരാറുകാരൻ | പ്രവൃത്തിയുടെ പേര് | എം.ബുക്ക് നം. | വാർഡ് നം | കരാറുകാരനു നൽകിയ തുക | ഈടാക്കേണ്ട ജി.എസ്.റ്റി. |
|---|---|---|---|---|---|---|
| 1 | ജോഷി വർഗീസ് | ഗ്രാമീണ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നടപ്പാതകളുട നിർമ്മാണംഃ കിഴക്കേക്കളം പാലാത്ര | 23/19-20 | 4 | 766772 | 15335 |
| 2 | ടി | പൂപ്പറമ്പ്-വളവുങ്കൽ | 44 | 3 | 702751 | 14055 |
| 3 | ജോസഫ് ആന്റണി | ചാങ്ങയിൽ പത്തിൽ നാല്പത് | 157 | 3 | 1064530 | 21290 |
| 4 | ജോസഫ് ആന്റണി | വികാസ് മാർഗ് അമ്പാട്ട് | 149 | 3 | 1047118 | 20942 |
| 5 | ജോഷി വർഗീസ് | തൈത്തറ നടുവിലേക്കളം | 26 | 8 | 622657 | 12453 |
| 6 | ജോഷി വർഗീസ് | Nss കരയോഗം-ഇലയ്ക്കാട് | 24 | 11 | 762275 | 15245 |
| 7 | ജോഷി വർഗീസ് | പാറശ്ശേരിമനുവിന്റെ വീട് | 25 | 10 | 515954 | 10319 |
| | | | | | | 109639 |

കരാറുകാരിൽ നിന്ന് ജി.എസ്.ടി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

## 1-18 ന്യൂട്രിമിക്സിന് ജി എസ് ടി ഈടാക്കി -വിശദീകരണം നൽകേണ്ടതാണ്

കേന്ദ്രധനകാര്യ മന്ത്രാലയത്തിന്റെ ചരക്ക് സേവന നികുതിയുമായി ബന്ധപ്പെട്ട 28.6.2017ലെ നോട്ടിഫിക്കേഷൻ നം. 12/2017- Central Tax (Rate)ലെ ക്രമ നം 66 ക്ലോസ് (B)(Ii) പ്രകാരം കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണ സാധനങ്ങൾക്ക് ജി.എസ്.ടി ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ 2019-20 വർഷത്തെ അനുപൂരക പോഷകാഹാര പദ്ധതിയുടെ ഭാഗമായി അമൃതം ന്യൂട്രിമിക്സ് വിതരണം ചെയ്ത ടെൺ സ്റ്റാർ അമൃതം ഫുഡ് സപ്ലിമെന്റ് യൂണിറ്റിന്റെ ബില്ല് പരിശോധിച്ചതിൽ, അമൃതം ന്യൂട്രിമിക്സിന്റെ വിലയോടൊപ്പം 5% ജി.എസ്.ടി ചുമത്തിയതായി കാണുന്നു. വിവരം താഴെകൊടുക്കുന്നു.

| ക്രമ നം | ന്യൂട്രിമിക്സിന്റെ ബിൽ നം | ന്യൂട്രിമിക്സിന്റെ വില | ചുമത്തിയ ജി.എസ്.ടി | ചെലവ് വിവരം |
|---|---|---|---|---|
| 1 | 33/18.7.19 | 42154 | 1947 | 7/2019-20/-311622 |
| 2 | 66/26.8.19 | 45634 | 2094 | 8/2019-20-386223/- |
| 3 | 67/20.9.19 | 46970 | 2156 | 8/2019-20-386223/- |
| 4 | 68/21.10.19 | 42547 | 1953 | 8/2019-20-386223/- |
| 5 | 76/28.11.19 | 50439 | 2315 | JC 7814198-111840/- |
| 6 | 87/24.12.19 | 51506 | 2364 | JC 7814198-111840/- |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം(2/6.1.2022)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അമൃതം ന്യൂട്രിമിക്സിന് തുക അനുവദിക്കുമ്പോൾ ജി.എസ്.ടി ഒഴിവാക്കി തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം തുക നൽകി

പ്രോജക്ട് നം -73/20

പ്രോജക്ടിന്റെ പേര് - പകൽവീട് ദൈനംദിന ചെലവുകൾ.
നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ
വികസന ഫണ്ട്

അടങ്കൽ-200000/-

ചെലവ് -177336/-

| ചെലവ് തുക | ബിൽ നം/ചെക്ക് നം |
|---|---|
| 177336(വികസന ഫണ്ട്) | ബിൽ നം<br>2/19-20,11.7.19,16000/-<br>4/19-20,1.8.19,32799/-<br>6/19-20,31.8.19,18035/-<br>10/19-20,25.10.19,22776/-<br>13/19-20,15.11.19,10750/-<br>16/19-20,19.12.19,18893/-<br>19/19-20,14.1.20,15810/-<br>25/19-20,11.3.20,38002/- |

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പകൽവീടിന്റെ നടത്തിപ്പിന് കെയർ ടേക്കറെ നിയമിച്ചിട്ടുണ്ട്. പകൽവീടിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ജീവനക്കാരെ കരാറാടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7000/- രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്(സ.ഉ(കൈ)നം.22/2018/തസ്വഭവ, ഖണ്ഡിക 7.1.13), എന്നാൽ മേൽ പ്രോജക്ടിൽ കെയർ ടെക്കറുടെ ഹോണറേറിയം പ്രതിമാസം 8000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. (2019 ഏപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെ) അധികമായി നൽകിയ വേതനം 12000/-രൂപ (1000x12) തിരിച്ചടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക്(7/4.1.2022) മറുപടി അറിയിച്ചിട്ടുള്ളത്. അധികം നൽകിയ 12000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 അധികം തുക നൽകി

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വാങ്ങി നൽകുന്നതിനായി ആവിഷ്കരിച്ച 28/19-20 എന്ന പ്രോജക്ടിന്റെ അടങ്കൽ വികസനഫണ്ട് 1,59,000/- രൂപയാണ്. കെൽട്രോണിൽ നിന്നും ലഭ്യമായ പ്രോഫോർമ ഇൻവോയ്സിൽ ഒരു ലാപ് ടോപ്പിന് 22,703/- രൂപ പ്രകാരം 7 ലാപ് ടോപ്പുകൾ 1,58,921/-രൂപയ്ക്ക്(ബിൽ നം.2/19-20/19.11.19) വാങ്ങുന്നതിനു കെൽട്രോണിനു തുക ട്രാൻസ്ഫർ ചെയ്തിരുന്നു. പ്രോജക്ടിന്റ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. കെൽട്രോണിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയില്ല

2. ലാപ്ടോപ്പ് വിതരണം ചെയ്ത ലെനോവ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും ലഭ്യമായ ടാക്സ് ഇൻവോയ്സ് പ്രകാരം 7 ലാപ്ടോപ്പുകൾക്ക് 1,52,810/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതനുസരിച്ച് [6,111(1,58,921-1,52,810)] അധികം നൽകിയ തുക കെൽട്രോണിൽ നിന്നും തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/19-20/4.1.2022) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ലഭ്യമാക്കി അറിയിക്കുന്നതുവരെ തുക നിരാകരിക്കുന്നു.

## 3-2 സർക്കാർ ഉത്തരവിനു വിരുദ്ധമായി അധികം തുക നൽകി

പ്രോജക്ട് നം -73/20

പ്രോജക്ടിന്റെ പേര് - പകൽവീട് ദൈനംദിന ചെലവുകൾ.
നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ
വികസന ഫണ്ട്

അടങ്കൽ-200000/-

ചെലവ് -177336/-

| ചെലവ് തുക | ബിൽ നം/ചെക്ക് നം. |
|---|---|
| | |

| | |
|---|---|
| 177336(വികസന ഫണ്ട്) | ബിൽ നം<br>2/19-20,11.7.19,16000/-<br>4/19-20,1.8.19,32799/-<br>6/19-20,31.8.19,18035/-<br>10/19-20,25.10.19,22776/-<br>13/19-20,15.11.19,10750/-<br>16/19-20,19.12.19,18893/-<br>19/19-20,14.1.20,15810/-<br>25/19-20,11.3.20,38002/- |

പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പകൽവീടിന്റെ നടത്തിപ്പിന് കെയർ ടേക്കറെ നിയമിച്ചിട്ടുണ്ട്. പകൽവീടിന്റെ കാര്യക്ഷമമായ നടത്തിപ്പിന് ജീവനക്കാരെ കരാറാടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7000/- രൂപയിൽ അധികരിക്കാതെ വേതനം നൽകാവുന്നതുമാണ്(സ.ഉ(കൈ)നം.22/2018/തസ്വഭവ, ഖണ്ഡിക 7.1.13), എന്നാൽ മേൽ പ്രോജക്ടിൽ കെയർ ടെക്കറുടെ ഹോണറേറിയം പ്രതിമാസം 8000/- രൂപയാണ് അനുവദിച്ചിട്ടുള്ളത്.(2019 എപ്രിൽ മാസം മുതൽ 2020 മാർച്ച് മാസം വരെ)അധികമായി നൽകിയ വേതനം 12000/-രൂപ (1000x12) തിരിച്ചടക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാമെന്ന് ഓഡിറ്റ് എൻക്വയറിക്ക് (7/4.1.2022) മറുപടി അറിയിച്ചിട്ടുള്ളത്. അധികം നൽകിയ 12000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക: മുന്നിരിപ്പ് ഉൾപ്പെടെ | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (പ്രോജക്ടുകളുടെ ക്രമത്തിലുള്ള നീക്കിയിരിപ്പ് ലഭ്യമല്ലാത്തതിനാൽ ആകെ നീക്കിയിരിപ്പ് ചേർക്കുന്നു) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | പാലിയേറ്റീവ് കെയർ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1000000 | ലൈഫ്(ജന.) | 1000000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | പൂരക പോഷകാഹാരം | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | വയോജനങ്ങൾക്ക് കട്ടിൽ | 100000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | - |
| | | | | | ആകെ: 718019 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 100000 | പൂരക പോഷകാഹാരം | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2019-20 | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 150000 | - |
| | | | | | ആകെ: 460347 |

### 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം. തീയതി | വായ്പ തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി | തൻവർഷം തിരിച്ചടച്ച തുക | | കുറിപ്പ് |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഹഡ്കോ | Go(M.S.)No.68/18/LSGD/18-5-18 | 17067353 | 17067353 | 0 | 0 | വായ്പ വിവരം പരിശോധിക്കാനാവശ്യമായ രജിസ്റ്ററോ മറുപടിയോ ലഭ്യമാക്കാത്തതിനാൽ വാർഷിക കണക്കിലെ നീക്കിയിരിപ്പ് ഉൾപ്പെടുത്തുന്നു. |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8694/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി. |
|---|---|---|---|---|
| 2013-14,2014-15 | 2-2 | 1528 | കുഞ്ഞച്ചൻ, മുൻ സെക്രട്ടറി, പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | 119030101039/1.7.19 |
| 2017-18 | 3-14, 3-15 | 997 | ജോഫി വർഗീസ്, കൺവീനർ | 119030101276/25.7.19 |
| 2017-18 | 3-14, 3-15 | 3649 | സുജിത്ത്.എസ്, ജയമ്മ, ശ്രീനിവാസൻ കൺവീനർ | 119030101276/25.7.19 |
| 2017-18 | 3-12 | 2520 | ശ്യാംകുമാർ, കോൺട്രാക്ടർ | 119030101839/ 16.10.19 |
| ആകെ | | 8694/- | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,67,32,058 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,40,51,147 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 18,111 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,95,000 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 6,111 | ശ്രീ.ശ്യാംകുമാർ,അസി.സെക്രട്ടറി. |
| 3-2 | 12,000 | ശ്രീമതി.റോസിലിൻ,ഐ.സി.ഡി.എസ്. |
| ആകെ | 18,111 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-13 | 25,000 | ശ്രീമതി. രാജി ആർ നായർ<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 1-14 | 1,70,000 | ശ്രീ.ശ്യാംകുമാർ,അസി.സെക്രട്ടറി |
| 1-15 | 7,00,000 | ശ്രീമതി.കെ.സുജാത,സെക്രട്ടറി |
| ആകെ | 8,95,000 | |

<u>സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-17 | 109639 |

<u>ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.കെ.സുജാത, സെക്രട്ടറി | സെക്രട്ടറി,<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | സുജ നിവാസ്,<br>കളർകോട് |
| ശ്രീ.ശ്യാംകുമാർ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി,<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | കണ്ണേഴത്തുമഠം,<br>തുറവൂർ പി.ഒ., |
| ശ്രീമതി. രാജി ആർ നായർ,<br>ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഡയറി ഫാം ഇൻസ്ട്രക്ടർ,<br>പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത് | നന്ത്യാട്ട്മഠം,<br>തലവടി പി.ഒ.,<br>ആലപ്പുഴ |
| ശ്രീമതി.റോസിലിൻ,<br>ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ<br>സി.ഡി.പി.ഒ., ഓഫീസ് കുട്ടനാട് താലൂക്ക് ഓഫീസ് | നെരിയംപറമ്പിൽ,<br>മലകുന്നം പി.ഒ.,<br>ചങ്ങനാശ്ശേരി |

## <u>4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 (ചെലവ്) | എൽ.എഫ്-എ10-634/98/13.7.99/10.11.1999 |
| 1998-99 (ചെലവ്) | എൽ.എഫ്-ജി.എ5-1832/11/24.01.2012 |
| 1990-00, 2001-02 (പദ്ധതി വിഹിതം ചെലവ്) | എൽ.എഫ്-ജി.എ5-1832/11/24.01.2012 |
| 2004-05 | എൽ.എഫ്.എ-പി.1 & ഡി.പി-1150/10/27.04.2011 |
| 2005-06 | എൽ.എഫ്.എ-പി.1 & ഡി.പി--1151/10/27.04.2011 |
| 2006-07 | എൽ.എഫ്-ജി.എ.5-575/14/09.05.2014/09.06.2014 |
| 2007-08 | എൽ.എഫ്-ജി.എ5-575/14/09.05.2014/09.06.2014 |
| 2008-09 & 2009-10 | എൽ.എഫ്-ജി.എ5-575/14/09.05.2014/09.06.2014. |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ-പി10-756/2014/19.05.2015 |
| 2013-14 & 2014-15 | കെ.എസ്.എ-എ.എൽ.പി-പി10-1461/15/24.11.2015 |
| 2015-16 | കെ.എസ്.എ-എ.എൽ.പി-പി.10-49/17/27.01.2017 |
| 2016-17 | കെ.എസ്.എ-എ.എൽ.പി-പി.10-49/17/27.01.2017 |

| | |
|---|---|
| 2017-18 | കെ.എസ്.എ-എ.എൽ.പി-പി.10-284/19/13.05.2019 |
| 2018-2019 | കെ.എസ്.എ-എ.എൽ.പി-പി.10-235/2020/29.5.2020 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്